പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7640 15/07/2014 ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്.

## സർവ്വേ & ലാന്റ് റിക്കോർഡ്സിലെ ബാക്ക് ലോഗ് ഒഴിവുകൾ നികത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അൻവർ സാദത്ത് | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വികലാംഗരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതിനായി സർവ്വേ & ലാന്റ് റിക്കോർഡ്സിൽ കാറ്റഗറി നമ്പർ 241/12 നമ്പറായി ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II തസ്തികയിലെ ഒഴിവ് നികത്തുന്നതിന് എന്നാണ് അപേക്ഷ ക്ഷണിച്ചിരുന്നത്; പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള ശാരീരിക മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) പ്രസ്തുത തസ്തികയിലേയ്ക്ക് 30/04/2012 ലെ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വികലാംഗരിലെ Orthopaedically handicapped- Lower, lower extremities minor defects, Partially deaf എന്നീ വിഭാഗങ്ങൾക്കായാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത ബാക്ക് ലോഗ് ഒഴിവുകൾ എന്നത്തേയ്ക്ക് നികത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) (സി) (ഡി) 05/09/2013 ൽ ടി തസ്തികയ്ക്കായി ഇന്റർവ്യൂ നടത്തിയിരുന്നു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. OP(KAT) 3599/2013 ന്റെ ഭാഗമായി ടി തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതിനാലാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സാധിക്കാത്തത്. |
| (സി) പ്രസ്തുത വിജ്ഞാപനപ്രകാരം അഭിമുഖം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | |
| (ഡി) ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് വൈകാൻ കാരണം എന്താണ്; ഇത് സംബന്ധിച്ച് പരാതികൾ എന്തെങ്കിലും നിലവിൽ ഉണ്ടോ; പരാതി മാനദണ്ഡങ്ങൾക്കനുസൃതമല്ലെങ്കിൽ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ